ആശ്രിത നിയമന പദ്ധതിപ്രകാരം ശ്രീ. എസ്. ബിനുവിന് ജോലി നൽകാനുള്ള നടപടി

40 (2992) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന പദ്ധതിപ്രകാരം ജോലി ലഭിക്കുന്നതിന് എച്ച്.സി.വി. 614 പരേതനായ ഷൺമുഖവേലിന്റെ മകൻ ശ്രീ. എസ്. ബിനു അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷിച്ചത് ;

(സി) ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജോലി നൽകിയിട്ടുണ്ടെങ്കിൽ എന്നാണ് ;

(ഇ) ഇത് സംബന്ധമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ ;

(എഫ്) ഇതുവരെ ജോലി നൽകിയിട്ടില്ലെങ്കിൽ എന്നത്തേക്ക് ജോലി നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1-6-2000-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) പോലീസ് വകുപ്പിൽ എൽ.ഡി.സി.-യുടെ ഒഴിവില്ലാത്തതിനാൽ മറ്റേതെങ്കിലും വകുപ്പിൽ ഒഴിവുണ്ടെങ്കിൽ അറിയിക്കുന്നതിനായി അപേക്ഷയുടെ വിശദവിവരങ്ങൾ 20-5-2002-ൽ ജി.എ.ഡി.(സി.ഇ.) സെല്ലിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഒഴിവ് വരുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതിയുടെ മുൻഗണനാക്രമത്തിൽ ജോലി നൽകുന്നതാണ്.

(ഡി-ജി) ജോലി നൽകിയിട്ടില്ല. എൽ.ഡി.സി. തസ്തികയിൽ ഇപ്പോൾ 9-6-1998 വരെ അപേക്ഷ സമർപ്പിച്ചവർക്കാണ് ഇപ്പോൾ ജോലി നൽകിവരുന്നത്. 1-6-2000-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഈ അപേക്ഷകന്റെ ഊഴമെത്തുമ്പോൾ ജോലി നൽകുന്നതാണ്.

ശ്രീ. ദിലീപിന് ആശ്രിതനിയമനം നൽകുന്നതിലെ കാലതാമസം

41 (2993) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ കണ്ണൂർ ക്രൈംബ്രാഞ്ച് ഹെഡ്കോൺസ്റ്റബിൾ ആയിരിക്കെ 23-4-2001-ൽ മരണമടഞ്ഞ എച്ച്.സി.നം. 2353-പി.പി. വൽസന്റെ മകൻ ദിലീപിന് ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ എന്ത് തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly